## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1459 — 03-12-2018 -ൽ മറുപടിക്ക്

### കാലവർഷത്തെ തുടർന്ന് മാറ്റിപ്പാർപ്പിച്ചവരുടെ വിവരങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | കഴിഞ്ഞ ആഗസ്റ്റുമാസം ഉണ്ടായ ശക്തമായ കാലവർഷത്തെ തുടർന്ന് മാറ്റിപ്പാർപ്പിച്ചവരുടെയും ബന്ധുവീട്ടുകളിലും മറ്റും അഭയം പ്രാപിച്ചവരുടെയും വ്യക്തമായ വിവരങ്ങൾ ലഭ്യമാണോ; ആകെ എത്ര പേർ സ്വഭവനത്തിൽ നിന്നും മാറ്റിപ്പാർപ്പിക്കപ്പെട്ടു; വ്യക്തമാക്കുമോ; | എ) | സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ, കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാൻഡം പ്രകാരം 34,15,937 പേരെ 12,253 ക്യാമ്പുകളിലായി 29.05.2018 മുതൽ 31.08.2018 വരെ വിവിധ ദിവസങ്ങളിലും, സ്ഥലങ്ങളിലുമായി താമസിപ്പിച്ചിട്ടുണ്ട്. ബന്ധുവീട്ടുകളിലേക്ക് മാറിയവരുടെ വിവരം ലഭ്യമല്ല.. |
| ബി) | ഇടുക്കി നിയോജകമണ്ഡലത്തിൽ ഇത്തരം എത്ര ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു; വിശദാംശങ്ങൾ നൽകാമോ; | ബി) | ഇടുക്കി നിയോജകമണ്ഡലത്തിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 5130 കുടുംബങ്ങളിലെ 18938 ആളുകളെ മാറ്റി പാർപ്പിച്ചിരുന്നു. |
| സി) | ഇപ്രകാരം ക്യാമ്പുകളിലും മറ്റും കഴിഞ്ഞിരുന്നവർക്ക് ഇതിനോടകം എത്ര തുക വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | ഇടുക്കി നിയോജകമണ്ഡലത്തിൽ രണ്ടു ദിവസത്തിലധികം വെള്ളംകെട്ടി നിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ 4443 കുടുംബങ്ങൾക്ക് ഒറ്റത്തവണ ആശ്വാസ ധനസഹായമായി 10,000/- രൂപ വീതം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ